**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5230** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേയിലെ അപാകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ സർവേയുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; ഇതുമായി ബന്ധപ്പെട്ട് നിയമ നിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും, ഭൂ സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതും സർവെ വിവരം ഭൂവുടമകളുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുള്ളതുമാണ്.<br>ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത വില്ലേജുകളുടെ മാപ്പുകളും, അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ, ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്.<br>ഓരോ വില്ലേജിലും ഡിജിറ്റൽ സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു മാസ കാലയളവിൽ പ്രസ്തുത റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാൻ അവസരമുള്ളതും റിക്കാർഡുകളിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ടോ, "എന്റെ ഭൂമി" പോർട്ടലിൽ മുഖേന ഓൺലൈനായോ ആക്ഷേപം സമർപ്പിക്കാവുന്നതുമാണ്. ഇത്തരത്തിൽ കുറ്റമറ്റ രീതിയിൽ റെക്കോർഡുകൾ തയ്യാറാക്കുന്ന നടപടികൾ ഡിജിറ്റൽ സർവെയിൽ സ്വീകരിച്ചുവരുന്നു.<br>ഡിജിറ്റൽ സർവെ വഴി ഭൂരേഖകൾ ആധികാരികമാകുമ്പോൾ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും വ്യക്തമായ അതിരുകൾക്കുള്ളിൽ ഉള്ള അധിക ഭൂമിക്ക് അവ തർക്കം കൂടാതെയും നിയമവിരുദ്ധമല്ലാതെയും<br>കൈവശംവച്ചിട്ടുള്ളതാണെങ്കിൽ (സർക്കാർ ഭൂമി ഒഴിവാക്കി) ആ ഭൂമിയുടെ ഉടമസ്ഥാവകാശം നിയമപ്രകാരം നൽകുന്നതിന് ഒരു നിയമം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് ലളിതമായ നടപടിക്രമങ്ങൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും, ഭൂ സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടലും വകുപ്പ് സജ്ജീകരിച്ചിട്ടുള്ളതും സർവെ വിവരം ഭൂവുടമകളുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുള്ളതുമാണ്.<br>ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ |

| | | | |
|---|---|---|---|
| | | | അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത വില്ലേജുകളുടെ മാപ്പുകളും, അനുബന്ധ വിവരങ്ങളും "എന്റെ ഭൂമി" (https://entebhoomi.kerala.gov.in) പോർട്ടലിൽ ഓൺലൈനായോ, ബന്ധപ്പെട്ട ക്യാമ്പ് ഓഫീസ് സന്ദർശിച്ചോ റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്.<br>ഓരോ വില്ലേജിലും ഡിജിറ്റൽ സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു മാസ കാലയളവിൽ പ്രസ്തുത റിക്കാർഡുകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാൻ അവസരമുള്ളതും റിക്കാർഡുകളിന്മേൽ പരാതി ഉണ്ടെങ്കിൽ ആയത് സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം നേരിട്ടോ, "എന്റെ ഭൂമി" പോർട്ടലിൽ മുഖേന ഓൺലൈനായോ ആക്ഷേപം സമർപ്പിക്കാവുന്നതുമാണ്. ഇത്തരത്തിൽ കുറ്റമറ്റ രീതിയിൽ റെക്കോർഡുകൾ തയ്യാറാക്കുന്ന നടപടികൾ ഡിജിറ്റൽ സർവെയിൽ സ്വീകരിച്ചുവരുന്നു.<br>ഡിജിറ്റൽ സർവെ വഴി ഭൂരേഖകൾ ആധികാരികമാകുമ്പോൾ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും വ്യക്തമായ അതിരുകൾക്കുള്ളിൽ ഉള്ള അധിക ഭൂമിക്ക് അവ തർക്കം കൂടാതെയും നിയമവിരുദ്ധമല്ലാതെയും<br>കൈവശംവച്ചിട്ടുള്ളതാണെങ്കിൽ (സർക്കാർ ഭൂമി ഒഴിവാക്കി) ആ ഭൂമിയുടെ ഉടമസ്ഥാവകാശം നിയമപ്രകാരം നൽകുന്നതിന് ഒരു നിയമം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ